# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ചോറ്റാനിക്കര ഗ്രാമപഞ്ചായത്ത് - പൊതു ശ്മശാനത്തിന് സ്ഥലം അക്വയർ ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ആർ.സി) വകുപ്പ്**

**സ.ഉ (സാധാ)629/2010/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 25/02/2010**

---

പരാമർശം:- 1. സ.ഉ (സാ) നം. 229/08/തസ്വഭവ തീയതി 23.01.2008.

2. ചോറ്റാനിക്കര ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ 12.011.2009-ലെ 1/9(2)-ാം നമ്പർ തീരുമാനം.

3. പഞ്ചായത്ത് ഡയറക്ടറുടെ 06.02.2010-ലെ സി2-3134/10-ാം നമ്പർ കത്ത്.

## ഉത്തരവ്

എറണാകുളം ജില്ലയിലെ ചോറ്റാനിക്കര ഗ്രാമപഞ്ചായത്തിൽ പൊതു ശ്മശാനം നിർമ്മിക്കുന്നതിനായി ചോറ്റാനിക്കര ഗ്രാമപഞ്ചായത്ത് കണയന്നൂർ വില്ലേജിൽ സ.നം.37/5 ൽ പ്പെട്ട 10 സെന്റ് സ്ഥലം അക്വയർ ചെയ്യുന്നതിന് പരാമർശം 1 പ്രകാരം അനുമതി നൽകിയിരുന്നു.

പ്രസ്തുത സ്ഥലത്തിനോട് ചേർന്ന് കണയന്നൂർ വില്ലേജിൽ സ.നം.37/3 ൽ പ്പെട്ട 8.796 സെന്റ് സ്ഥലം കൂടി അർജൻസി ക്ലോസിൽപ്പെടുത്തി അക്വയർ ചെയ്യുന്നതിന് പരാമർശം 2 പ്രകാരം തീരുമാനിക്കുകയും ഇതിന്റെ വെളിച്ചത്തിലുള്ള ശുപാർശ ഡയറക്ടർ മുഖേന പരാമർശം (3) പ്രകാരം സർക്കാരിൽ ലഭ്യമാക്കുകയും ചെയ്തു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മേൽ പരാമർശങ്ങളുടെ അടിസ്ഥാനത്തിൽ കണയന്നൂർ വില്ലേജിൽ സ.നം.37/3 ൽപ്പെട്ട 8.796 സെന്റ് സ്ഥലം അർജൻസി ക്ലോസിൽ ഉൾപ്പെടുത്തി അക്വയർ ചെയ്യുന്നതിന് താഴെ പറയുന്ന നിബന്ധനകളോടെ ചോറ്റാനിക്കര ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1) അക്വിസിഷനാവശ്യമായ തുകയുടെ 80% മുൻകൂറായി ജില്ലാ കളക്ടർ മുമ്പാകെ ഒടുക്കേണ്ടതാണ്.

2) ഇതു സംബന്ധമായി സർക്കാരിന് യാതൊരു സാമ്പത്തിക, വ്യവഹാര ബാധ്യതകളും ഉണ്ടായിരിക്കുന്നതല്ല.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,
ലതാ പണിക്കർ
അണ്ടർ സെക്രട്ടറി

To:

സെക്രട്ടറി, ചോറ്റാനിക്കര ഗ്രാമപഞ്ചായത്ത്.
ജില്ലാ കളക്ടർ, എറണാകുളം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം
ചീഫ് ടൗൺ പ്ലാനർ, പാളയം, തിരുവനന്തപുരം
✓ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

Copy to:-

Revenue Department.

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ